# പതിനാലാം കേരള നിയമസഭ

## ഏഴാം സമ്മേളനം

**നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം.501** **08.08.2017-ൽ മറുപടിയ്ക്ക്**

## വ്യാജ ലോട്ടറി ടിക്കറ്റുകൾ

| | ചോദ്യം<br>ശ്രീ.പാറക്കൽ അബ്ദുല്ല | | മറുപടി<br>ഡോ.ടി.എം.തോമസ് ഐസക്<br>(ധനകാര്യവും കയറും വകുപ്പുമന്ത്രി) |
|---|---|---|---|
| (എ) | വ്യാജ ലോട്ടറി ടിക്കറ്റുകൾ തടയുന്നതിന് എന്തെങ്കിലും പുതിയ സംവിധാനത്തിന് രൂപം നൽകുമോ; എങ്കിൽ വിശദാംശങ്ങൾ നൽകുമോ; | (എ) | വ്യാജ ലോട്ടറി ടിക്കറ്റുകളുടെ വിപണനം തടയുന്നതിനു വേണ്ടി ടിക്കറ്റുകളിൽ സുരക്ഷാ സംവിധാനങ്ങൾ വർദ്ധിപ്പിക്കുന്നത് സംബന്ധിച്ച് പഠിച്ച് റിപ്പോർട്ട് നൽകുന്നതിനായി 23.11.2016 ൽ ജി.ഒ.(ആർ.റ്റി) 910/2016/റ്റി.ഡി. നമ്പർ ഉത്തരവ് പ്രകാരം രൂപീകരിച്ച ടെക്നിക്കൽ കമ്മിറ്റിയുടെ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ നിലവിലുള്ള ബാർകോഡ്, സീക്രട്ട് കോഡ്, കടക്കറ്റിയുമായി യോജിപ്പിക്കൽ എന്നീ സുരക്ഷാ സംവിധാനങ്ങൾക്ക് പുറമേ Micro printing, opaque text, guilloche, Relief Printing എന്നീ സുരക്ഷാ മാർഗ്ഗങ്ങൾ കൂടി ആദ്യഘട്ടമായി ഉൾപ്പെടുത്തി 2017 ജൂൺ മാസത്തെ നറുക്കെടുപ്പ് മുതൽ പ്രാബല്യത്തിൽ വന്നിട്ടുണ്ട്. |
| (ബി) | ടിക്കറ്റുകളുടെ കളർ ഫോട്ടോകോപ്പി, സ്കാൻ ചെയ്ത കോപ്പി, വ്യാജ പ്രിന്റ് എന്നിവ തടയാൻ എന്തൊക്കെ നടപടികൾ കൈക്കൊള്ളുവാനാണ് ഉദ്ദേശിക്കുന്നത്; | (ബി) | ടിക്കറ്റുകളുടെ കളർ ഫോട്ടോകോപ്പി, സ്കാൻ ചെയ്ത കോപ്പി, വ്യാജ പ്രിന്റ് എന്നിവ നല്കി കബളിപ്പിക്കുന്നത് തടയുന്നതിനു വേണ്ടി Micro printing, opaque text, guilloche, Relief Printing, എന്നീ സുരക്ഷാ മാർഗ്ഗങ്ങൾ കൂടി ആദ്യഘട്ടമായി ഉൾപ്പെടുത്തിയിട്ടുണ്ട്. |
| (സി) | പൊതുജനങ്ങൾക്കും, ഏജന്റുമാർക്കും ടിക്കറ്റിന്റെ സാധുത നേരിട്ട് പരിശോധിച്ച് ഉറപ്പുവരുത്താൻ സുതാര്യമായ എന്തൊക്കെ നടപടികൾ കൈക്കൊള്ളുമെന്ന് അറിയിക്കാമോ; | (സി) | ലെൻസ്, ഫിലിം എന്നിവ ഉപയോഗിച്ച് പൊതുജനങ്ങൾക്കും ഏജൻറുമാർക്കും ടിക്കറ്റിന്റെ സാധുത നേരിട്ട് പരിശോധിച്ച് ഉറപ്പുവരുത്താവുന്നതാണ്. |

| | | | |
|---|---|---|---|
| (ഡി) | ഇത്തരം ടിക്കറ്റുകൾ എന്നുമുതൽ വിപണിയിലെത്തുമെന്നും ഏതു ഏജൻസിയെയാണ് പുതിയ സംവിധാനങ്ങളുടെ ചുമതല ഏൽപ്പിച്ചിട്ടുള്ളതെന്നും വ്യക്തമാക്കുമോ? | (ഡി) | കൂടുതൽ സുരക്ഷാ സംവിധാനങ്ങൾ ഉൾപ്പെടുത്തിയ ഭാഗ്യക്കുറി ടിക്കറ്റുകൾ 2017 ജൂൺ മാസത്തെ നറുക്കെടുപ്പ് മുതൽ വിപണിയിലെത്തിയിട്ടുണ്ട്. സുരക്ഷാമാർഗ്ഗങ്ങൾ ഉൾപ്പെടുത്തി ടിക്കറ്റുകൾ ഡിസൈൻ ചെയ്യുന്നതിനായി ഭാഗ്യക്കുറി വകുപ്പിൽ സി-ഡിറ്റുമായി ചേർന്ന് സെക്യൂരിറ്റി ഡിസൈൻ ലബോറട്ടറി സ്ഥാപിക്കുന്നതിന് 24.04.2017 ലെ ജി.ഒ (ആർ.റ്റി) 329/2017/റ്റി.ഡി. നമ്പർ പ്രകാരം ഉത്തരവാകുകയും ആയത് സ്ഥാപിക്കുന്നതിനുള്ള പ്രവർത്തനങ്ങൾ പുരോഗമിക്കുകയും ചെയ്യുന്നു. |

**സെക്ഷൻ ഓഫീസർ.**